ഒരിടത്തൊരിടത്ത് രണ്ടു പൂച്ചകൾ ഉണ്ടായിരുന്നു. ഒരാൾ മിഞ്ചു. ഒരാൾ കുട്ടു. മിഞ്ചു മഹാമടിയനും അലസനുമായിരുന്നു. അവൻ ഇരപിടിക്കില്ല. പണിയെടുക്കില്ല, എല്ലാം കുട്ടുവിനെ കൊണ്ട് ചെയ്യിക്കും. പാവം ! കുട്ടു. എല്ലാം ചെയ്യും. മിഞ്ചു കഴിച്ച ആഹാരത്തിന്റെ ബാക്കി എല്ലാം പുറത്തേക്കു വലിച്ചെറിയും . എന്നാൽ ഇതു കൊണ്ട്  ഉണ്ടാകുന്ന ദോഷം മിഞ്ചു  മനസിലാക്കിയില്ല. കുട്ടു ഒരു ദിവസം ഇത് കണ്ടു. അവൻ മിഞ്ചുവിനോട് പറഞ്ഞു. മിഞ്ചു, നീ ഈ ചെയ്യുന്നത് തെറ്റാണ്. ആഹാരമാലിന്യങ്ങളെല്ലാം ഇവിടെ കിടന്നു ചീഞ്ഞു നാറും. അത് കാരണം നമ്മുടെ വീട്ടിലേക്കെല്ലാം അതിന്റെ ദുർഗന്ധം വരും. ഞാൻ ചെയ്യുന്നത് നീ കണ്ടില്ലേ, ഒരു കുഴി കുത്തി എല്ലാം അതിലിട്ടു മൂടുക. എന്നാൽ ഒരു ദുർഗന്ധവും ഉണ്ടാകില്ല. മിഞ്ചു അതൊന്നും കേട്ട ഭാവം നടിച്ചില്ല. അവൻ ഭക്ഷണാവശിഷ്ടങ്ങൾ പുറത്തേക്കു വലിച്ചെറിയൽ തുടർന്നു. നാളുകൾ കടന്നുപോയി. ഒരു ദിവസം അവർ ഉറക്കമുണർന്നപ്പോൾ എവിടെ നിന്നോ ഒരു ദുർഗന്ധം വരുന്നു. അവർ അവിടെയും ഇവിടെയും ഒക്കെ നോക്കി. പക്ഷെ ഒന്നും കണ്ടില്ല. പിന്നീട് വീടിന്റെ പുറകുവശത്ത് നോക്കിയപ്പോഴുന്നുണ്ട് മിഞ്ചു മാലിന്യങ്ങൾ എല്ലാം അവിടെ കിടന്നു ചീഞ്ഞിരിക്കുന്നു. അപ്പോഴാണ് താൻ ചെയ്തു പോയ തെറ്റ് മനസിലായത്. അവന് തന്റെ പ്രവർത്തിയിൽ പശ്ചാത്താപം തോന്നി. അപ്പോൾ കുട്ടു പറഞ്ഞു, "മിഞ്ചു പറഞ്ഞു, ഞാൻ അന്നേ പറഞ്ഞില്ലേ ഇങ്ങനെ ചെയ്യരുതെന്ന്. ഇപ്പോൾ മനസിലായില്ലേ പരിസ്ഥിതിയെ ശുചിയാക്കി വെക്കേണ്ടതിന്റെ പ്രാധാന്യം "അന്ന് മുതൽ മിഞ്ചു മാലിന്യങ്ങൾ കുഴി കുത്തി കുഴിച്ചിടാൻ തുടങ്ങി. അവൻ പരിസ്ഥിതി ശുചിത്വത്തിന്റെ  പ്രസക്തി മനസിലാക്കി. അതോടെ അവന്റെ അലസതയും മടിയും ഒക്കെ മാറി.

അരുണിമ mc

എട്ട് A

ജി എച്ച് എസ് എസ് മാരായമംഗലം